(സി) ഇപ്പോൾ വൻകിട, ചെറുകിട, ഇടത്തരം പദ്ധതികളിൽ നിന്നുള്ള ജലസേചന സൗകര്യം ഹെക്ടർ തിരിച്ചു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4.16 ലക്ഷം ഹെക്ടർ സ്ഥലത്ത്.

(ബി) ഏകദേശം 5 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഏകദേശം 1.8 ലക്ഷം ഹെക്ടർ സ്ഥലത്ത് വൻകിട ജലസേചന പദ്ധതികൾ മുഖേനയും 36000 ഹെക്ടർ സ്ഥലത്ത് ഇടത്തരം ജലസേചന പദ്ധതികൾ പ്രകാരവും 2 ലക്ഷം ഹെക്ടർ സ്ഥലത്ത് ചെറുകിടജലസേചന പദ്ധതികൾ മുഖേനയും ജലസേചന സൗകര്യം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

കൊഴിഞ്ഞാംപാറയിലുള്ള കുന്നംപിടാരി ഡാം

20 (1685) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കൊഴിഞ്ഞാംപാറയിലുള്ള കുന്നംപിടാരി ഡാം കഴിഞ്ഞ കാലവർഷത്തിൽ തകർന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ഈ പ്രദേശത്ത് കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ഡാമിന്റെ പുനർനിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഈ ഡാം അടിയന്തിരമായി പുനർനിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

കുര്യാർകുറ്റി-കാരപ്പാറ ജലസേചനപദ്ധതി

21 (1686) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നാണ് ജലസേചനവകുപ്പ് ആദ്യം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കണക്കാക്കിയിരുന്നത് ; ആയത് ഏത് വർഷമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly